പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:7714 23/07/2012 - ൽ മറുപടിക്ക്

## തീരദേശ വികസന അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>„ അൻവർ സാദത്ത്:<br>„ കെ.ശിവദാസൻ നായർ:<br>„ പി.എ. മാധവൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന തീരപ്രദേശങ്ങളുടെ അവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) കേരളത്തിലെ തീരദേശ ജനതയുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ ജില്ലകൾക്ക് ആകെ 40 കോടി അനുവദിച്ചു നൽകിയിട്ടുണ്ട്. വിവിധ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം കേരളത്തിലെ തീരദേശ മേഖലയുടെ വികസനത്തിനായി അനുവദിച്ച 200 കോടി രൂപയിൽ മാതൃകാ മത്സ്യഗ്രാമങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്കായി 160 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീട്, കുടിവെള്ളം, സാനിട്ടേഷൻ സൗകര്യങ്ങൾ, ഫിഷ് മാർക്കറ്റുകൾ എന്നിവ ലഭ്യമാക്കുന്നതാണ്. ഇതുകൂടാതെ ഫിഷറീസ് |

സ്കൂളുകളുടെ നിർമ്മാണത്തിനായി 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 25 മത്സ്യഗ്രാമങ്ങളുടെ സംയോജിത വികസനത്തിനായി 50 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രധാനമായും കുടിവെള്ളം, വൈദ്യുതികരണം, സാനിട്ടേഷൻ എന്നിവയ്ക്കാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

| | |
|---|---|
| (സി) പ്രാദേശിക അസന്തുലിതാവസ്ഥ ജനങ്ങളിലെ സുരക്ഷിതത്വബോധം നഷ്ടപ്പെടുത്തുമെന്നതിനാൽ തീരദേശ മേഖലയുടെ വികസനത്തിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; | (സി) തീരദേശ മേഖലയുടെ വികസനത്തിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) തീരദേശ വികസനം ലക്ഷ്യമാക്കി ഏതെങ്കിലും അതോറിറ്റി ഫിഷറീസ് വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) തീരദേശ വികസനം ലക്ഷ്യമാക്കി തീരദേശ വികസന അതോറിറ്റി 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി തത്വത്തിൽ രൂപീകരിച്ചിരുന്നു. എന്നാൽ 06/06/2012-ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത 2012-13-ലെ പദ്ധതി അവലോകന യോഗത്തിൽ തീരദേശ വികസന അതോറിറ്റി സ്ഥാപിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി.കൂടാതെ തീരദേശ വികസന കോർപ്പറേഷനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ